പതിമൂന്നാം കേരള നിയമ സഭ
ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ -1462 12.07.2011-ൽ മറുപടിയ്ക്ക്

നോട്ടറിമാരെ നിയമിച്ചതിലുള്ള സാധുത പരിശോധന

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. സണ്ണി ജോസഫ് | ബഹു. ധനകാര്യവും, നിയമവും, ഭവന നിർമ്മാണവും വകുപ്പ് മന്ത്രി |
| (എ) സംസ്ഥാനത്ത് ഇപ്പോൾ എത്ര നോട്ടറിമാരെ നിയമിച്ചിട്ടുണ്ട് ; | (എ) കേരള സംസ്ഥാനത്ത് 1.03.2011 വരെ 845 പേരെ നോട്ടറിമാരായി നിയമിച്ചിട്ടുണ്ട്. എറണാകുളം ജില്ലയിൽ നോട്ടറിയായി നിയമിച്ചിരുന്ന ശ്രീമതി. അയിഷാ ബിവിയെ 12.04.2011-ലെ **321/2011**/നിയമം നമ്പർ സർക്കാർ ഉത്തരവ് പ്രകാരം നീക്കം ചെയ്തതനുസരിച്ച് ഇപ്പോൾ 844 നോട്ടറിമാർ രജിസ്റ്റർ ഓഫ് നോട്ടറീസ് പ്രകാരം നിലവിലുണ്ട്. |
| (ബി) മുൻ സർക്കാരിന്റെ കാലാവധി അവസാനിക്കുന്ന സമയത്ത് കൂടുതൽ നോട്ടറിമാരെ നിയമിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) മുൻസർക്കാരിന്റെ കാലത്ത് സംസ്ഥാന സർക്കാരിന് നിയമിക്കാവുന്ന പരിധിയിൽ കൂടുതൽ പേർക്ക് നോട്ടറിമാരായി പ്രാക്ടീസ് ചെയ്യാനുള്ള സർട്ടിഫിക്കറ്റ് ഓഫ് പ്രാക്ടീസ് നൽകിയിട്ടില്ല. എന്നാൽ പ്രസ്തുത കാലയളവിൽ 25 പേരെ കൂടി കൂടുതൽ നിയമിക്കുവാൻ ഉത്തരവായിരുന്നുവെങ്കിലും നോട്ടറീസ് ആക്ടും, ചട്ടങ്ങളും പ്രകാരം 845 നോട്ടറിമാരെ മാത്രമേ നിയമിക്കാൻ സാധ്യമാവുകയുള്ളു എന്ന സാഹചര്യത്തിൽ,ടിയാളുകളെ നിയമിച്ചു കൊണ്ടുള്ള വിജ്ഞാപനം പുറപ്പെടുവിക്കുകയോ, സർട്ടിഫിക്കറ്റ് ഓഫ് പ്രാക്ടീസ് നൽകുകയോ ചെയ്തിട്ടില്ല. |

| | |
|---|---|
| (സി) ഇത്തരം നിയമനങ്ങളുടെ സാധുത പരിശോധിക്കുമോ? | പരിശോധനയിലാണ്. |

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ